*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

150th Issue - Volume 4, No. 31 ജാഗ്രത 10th September 2010

"എന്റെ ദാസനു ശ്രേയസ്സുണ്ടാകും. അവൻ അത്യുന്നതങ്ങളിലേക്ക് ഉയർത്തപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യും"

(ഏശയ്യ 52:13)

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil



ST. ROBERT BELLARMINE

## പ്രധാന വാർത്തകൾ

മദ്യനിരോധനം: പുതിയ പ്രതിരോധം വേണം-
ആർച്ച് ബിഷപ്പ് ഡോ.സൂസപാക്യം

---

എക്സൈസ് മന്ത്രി രാജിവയ്ക്കണം:
കെസിബിസി മദ്യവിരുദ്ധസമിതി

---

സർക്കാരിന്റെ മദ്യമാഫിയ കൂട്ടുകെട്ട് അപകടകരം:
ആർച്ച്ബിഷപ് ഡോ.ഫ്രാൻസിസ് കല്ലറയ്ക്കൽ

---

മദ്യദുരന്തങ്ങൾക്കു കാരണം സർക്കാരിന്റെ വികലനയം:
കെസിവൈഎം

---

മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുക സഭയുടെ ദൗത്യം:
മാർ ജോർജ് വലിയമറ്റം

## മദ്യനിരോധനം: പുതിയ പ്രതിരോധം വേണം- ആർച്ച് ബിഷപ്പ് ഡോ.സൂസപാക്യം



സംസ്ഥാനത്ത് തഴച്ചു വളരുന്ന മദ്യലോബിയെ തളയ്ക്കാൻ പുതിയ പ്രതിരോധമാർഗങ്ങൾ ആവിഷ്കരിക്കണമെന്ന് ആർച്ച് ബിഷപ്പ് ഡോ.എം.സുസപാക്യം. നിവേദനങ്ങളും ധർണകളും ഫലം ചെയ്യുന്നില്ല. അതെല്ലാം അധികാരികൾ തന്ത്രപൂർവം മറികടക്കുന്നതാണ് അനുഭവമെന്ന് അദ്ദേഹം പറഞ്ഞു.ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി, കെ.സി.വൈ.എം, രൂപതയുടെ കീഴിലുള്ള മദ്യവർജക സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ രക്തസാക്ഷിമണ്ഡപത്തിൽ സംഘടിപ്പിച്ച മദ്യവിരുദ്ധ ധർണ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കേരളം മദ്യത്തിൽ മുങ്ങിത്താഴുകയാണ്. അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ആർക്കും ഒഴിഞ്ഞുമാറാൻ കഴിയില്ലെന്ന് അദ്ദേഹം പറഞ്ഞു. മദ്യത്തിനെതിരെ ഇടക്കാലത്ത് സജീവമായരുന്ന പ്രതിരോധങ്ങൾ പോലും ദുർബലമായിരിക്കുന്നു. വർഷങ്ങളായിട്ടും പുനലൂർ, കല്ലുവാതുക്കൽ മദ്യദുരന്തകേസുകൾ കോടതിയിൽ വിചാരണയിലാണ്. യഥാർഥ കുറ്റവാളികൾ രക്ഷപ്പെടുകയാണ്. അവർ സമൂഹത്തിൽ സ്വതന്ത്രമായി വിലസുന്നു. സർക്കാരിന് മദ്യംകൊണ്ടുവരുന്ന പണത്തിലാണ് കണ്ണ്. അയ്യായിരം കോടിരൂപയിലധികമാണ് സർക്കാരിന് മദ്യത്തിൽ നിന്ന് ലഭിക്കുന്നത്. അതുകൊണ്ടുതന്നെ സർക്കാരിന്റെ ഭാഗത്തു നിന്ന് ഇക്കാര്യത്തിൽ വാഗ്ദാനങ്ങൾ മാത്രമേ ഉണ്ടാവുന്നുള്ളു. ഇപ്പോൾ നടന്ന മദ്യദുരന്തത്തിന്റെ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് ശക്തമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇച്ഛാശക്തയും മനോബലവും ഉള്ളൊരു പുതിയ പ്രതിരോധത്തിനു മാത്രമേ മദ്യലോബിയിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ കഴിയുകയുള്ളു. മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും എക്സൈസ് മന്ത്രിയും ഒരേസ്വരത്തിലാണ് ദുരന്തത്തെക്കുറിച്ച് സംസാരിക്കുന്നത്. അപ്പോഴും വൈപ്പിൻ, പുനലൂർ, കല്ലുകാതുക്കൽ, മലപ്പുറം എന്ന മട്ടിൽ ദുരന്തങ്ങൾ ആവർത്തിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. മലപ്പുറം മദ്യദുരന്തം ആസൂത്രിത മനുഷ്യക്കുരുതിയാണെന്ന് കവയത്രി സുഗതകുമാരി പറഞ്ഞു. ഇത്തരം ദുരന്തങ്ങളുടെ ശിക്ഷ അനുഭവിക്കുന്നത് പാവപ്പെട്ട സ്ത്രീകളും കുട്ടികളുമാണ്. ഇവരുടെ രക്ഷ ഒരു സർക്കാരിന്റേയും അജണ്ടയിലില്ല. ഈ അവസ്ഥ വിലപിക്കുവാനുള്ളതല്ല. പ്രതിഷേധിക്കാനും പ്രതികരിക്കാനുമുള്ളതാണെന്ന് അവർ ഓർമിപ്പിച്ചു. ചടങ്ങിൽ ലത്തീൻ അതിരൂപത വികാരി ജനറൽ മോൺ.യൂജിൻ എച്. പെരേര പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ വികാരി ഫാ.സി. ജോസഫ്, ഫാ.സബാസ് ഇഗ്നേഷ്യസ്, ഫാ.സണ്ണി, തിരുവനന്തപുരം അതിരൂപത കെ.എൽ.സി.എ പ്രസിഡന്റ് കണ്ണാന്തുറ പി.സ്റ്റെല്ലസ്, എഫ്.എം.ലാസർ, ഫാ.അലക്സാണ്ടർ കുരീക്കാട്ട്, കാട്ടായിക്കോണം ശശിധരൻ, ദീപക് ചേർക്കാട്, ജി.സദാനന്ദൻ, നാരായണൻതമ്പി, ഇലിപ്പോട്ട്കോണം ജയൻ, ഷൗക്കത്തലി എന്നിവർ പ്രസംഗിച്ചു.

## എക്സൈസ് മന്ത്രി രാജിവയ്ക്കണം: കെസിബിസി മദ്യവിരുദ്ധസമിതി

സംസ്ഥാനത്ത് കള്ളുഷാപ്പുകൾ മുഴുവൻ വ്യാജമദ്യകേന്ദ്രങ്ങളായി പ്രവർത്തിക്കാൻ ഒത്താശ നൽകി മദ്യദുരന്തം ക്ഷണിച്ചുവരുത്തിയ എക്സൈസ് മന്ത്രിക്ക് ഒരു നിമിഷംപോലും അധികാരത്തിൽ തുടരാൻ അവകാശമില്ലെന്നും ദുരന്തത്തിന്റെ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് മന്ത്രി രാജിവയ്ക്കണമെന്നും കെസിബിസി മദ്യവിരുദ്ധസമിതി പാലാ രൂപതാകമ്മിറ്റി ആവശ്യപ്പെട്ടു. സംസ്ഥാനത്തെ മുഴുവൻ പനകളും തെങ്ങുകളും ചെത്തിയാലും ഒരു മണിക്കൂർ പോലും വിൽക്കാനുള്ള കള്ള് കേരളത്തിലെ ഷാപ്പുകളിൽ ലഭിക്കില്ലെന്നിരിക്കെ രാവിലെ ഒമ്പതു മുതൽ രാത്രി ഒമ്പതു വരെ യാതൊരു നിയന്ത്രണവുമില്ലാതെ വ്യാജകള്ള് വിൽക്കാൻ കണ്ണടച്ച് പിന്തുണ നൽകിയ വകുപ്പുമന്ത്രിയും സർക്കാർ സംവിധാനങ്ങളുമാണ് മലപ്പുറം മദ്യദുരന്തത്തിലെ മുഖ്യപ്രതികളെന്ന് യോഗം ആരോപിച്ചു. കള്ളില്ലാത്തതിനാൽ നിർത്തൽ ചെയ്ത 1600-ൽപ്പരം കള്ളുഷാപ്പുകൾ ഈ സർക്കാർ പുനസ്ഥാപിച്ചത് വ്യാജകള്ള് വിറ്റ് പാർട്ടിക്കാർക്കു തൊഴിൽ നൽകാനാണ്. ഷാപ്പുകളിൽ സാമ്പിളുകൾ എടുക്കാൻ വരുന്നവരും അബ്കാരികളും തമ്മിലുള്ള ഒത്തുകളിയാണിവിടെ നടക്കുന്നത്. മനുഷ്യജീവനുകളെ സംരക്ഷിക്കാൻ കള്ളുഷാപ്പുകൾ അടച്ചുപൂട്ടാനുള്ള തന്റേടം സർക്കാർ കാണിക്കണം. തൊഴിൽ സംരക്ഷിക്കാൻ തൊഴിലാളി യൂണിയൻ നേതാവ് മദ്യമന്ത്രിയായതിന്റെ വിനയാണിത്. പാർട്ടിക്കാർക്ക് തൊഴിലുണ്ടാക്കാനും അതുവഴി പാർട്ടിക്ക് കമ്മീഷൻ കിട്ടാനും ഇക്കൂട്ടർ ഏതു ഹീനപ്രവൃത്തിക്കും കൂട്ടിനിൽക്കുകയാണിവിടെയെന്നു യോഗം കുറ്റപ്പെടുത്തി. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അധ്യക്ഷത വഹിച്ചു. പ്രസാദ് കുരുവിള, ജോസ് ഫ്രാൻസിസ്, ചിന്നമ്മ തോമസ്, ടി.കെ. ജോസഫ്, കെ.പി. ജോസഫ് എന്നിവർ പ്രസംഗിച്ചു.

## സർക്കാരിന്റെ മദ്യമാഫിയ കൂട്ടുകെട്ട് അപകടകരം: ആർച്ച്ബിഷപ് ഡോ.ഫ്രാൻസിസ് കല്ലറയ്ക്കൽ



മനുഷ്യജീവൻ വച്ച് രാഷ്ട്രീയം കളിക്കുന്ന സർക്കാരിന്റെ മദ്യ-മാഫിയാ കൂട്ടുകെട്ട് അപകടകരമെന്നു വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ. മലബാർ മേഖലയിൽ വ്യാജമദ്യം കഴിച്ച് നിരവധിപ്പേർ മരിച്ചതിന്റെ ധാർമിക ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കണമെന്നും കുറ്റക്കാർക്കെതിരേ അടിയന്തര നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സർക്കാരിന്റെ കെടുകാര്യസ്ഥത മൂലം കുടുംബങ്ങൾക്കുണ്ടായ നഷ്ടം ആർക്കും നികത്താനാവാത്തതാണ്. വ്യാജമദ്യം കഴിച്ചു മരണപ്പെട്ടവരുടെ കുടുംബാംഗങ്ങളോട് അനുശോചനം രേഖപ്പെടുത്തുന്നതായും പ്രാർഥനകൾ നേരുന്നതായും അദ്ദേഹം പറഞ്ഞു. മദ്യമെന്ന സാമൂഹ്യതിന്മ കുടുംബങ്ങളിൽ നിന്നു മാത്രമല്ല സമൂഹത്തിൽ നിന്നു തന്നെ ഉന്മൂലനം ചെയ്യാൻ സർക്കാർ സംവിധാനങ്ങളോടൊപ്പം എല്ലാ സാമൂഹിക -സാമുദായിക പ്രസ്ഥാനങ്ങളും ഒന്നിക്കണമെന്ന് ആർച്ച്ബിഷപ് ആഹ്വാനം ചെയ്തു.

## മദ്യദുരന്തങ്ങൾക്കു കാരണം സർക്കാരിന്റെ വികലനയം: കെസിവൈഎം

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കേണ്ട സർക്കാരിന്റെ ഒത്താശയോടെ സംസ്ഥാനത്തു വ്യാജമദ്യവും വ്യാജക്കള്ളും ഒഴുക്കുകയാണെന്നു കെസിവൈഎം സംസ്ഥാന സമിതി ആരോപിച്ചു. മലപ്പുറത്തു വ്യാജക്കള്ളു കഴിച്ചു മരിച്ച ജനങ്ങളുടെ ജീവനു സർക്കാർ ഉത്തരം പറയണം. എക്സൈസ് മന്ത്രിയെ പുറത്താക്കി അന്വേഷണം നടത്തണം. അബ്കാരി മാഫിയകളുടെ ഗുണ്ടകൾ സാധാരണ ജനങ്ങളെ ഭീഷണിപ്പെടുത്തി യഥേഷ്ടം വ്യാജമദ്യം ഒഴുക്കുകയാണ്. കേരളത്തിൽ എത്രയും വേഗം സമ്പൂർണ ലഹരി നിരോധനം ഏർപ്പെടുത്തണം. ഇതിനുവേണ്ടി ശക്തമായ പ്രക്ഷോഭപരിപാടികൾ കെസിവൈഎം സംഘടിപ്പിക്കും. ജുഡീഷ്യൽ അന്വേഷണം ശരിയായ രീതിയിൽ നടക്കണമെങ്കിൽ മന്ത്രിയെ പുറത്താക്കി അന്വേഷണം നടത്താൻ മുഖ്യമന്ത്രി തയാറാകണമെന്നും കെസിവൈഎം ആവശ്യപ്പെട്ടു. പ്രസിഡന്റ് ദീപക് ചേർക്കോട്ട് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ജോൺസൺ ശൂരനാട്, അനിത ആൻഡ്രൂ, എ.ബി. ജസ്റ്റിൻ, മെറീന റിൻസി, ടിങ്കിൾ ഫ്രാൻസീസ്, ലിജോ പയ്യപ്പള്ളി, സന്തോഷ് മൈലം, ടിറ്റു തോമസ്, ഫാ. ജെയ്സൺ കൊള്ളന്നൂർ, സിസ്റ്റർ ആൻസി ആന്റണി എന്നിവർ പ്രസംഗിച്ചു

## മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുക സഭയുടെ ദൗത്യം: മാർ ജോർജ് വലിയമറ്റം



മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുകയും അതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുകയും എന്നത് സഭയുടെ ദൗത്യമാണെന്ന് തലശേരി അതിരൂപതാ ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം. ചെറുപുഴ സെന്റ് മേരീസ് ഹൈസ്കൂളിനായി നിർമിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. രണ്ടു നിലകളിലായി മികച്ച സൗകര്യങ്ങളോടെയാണ് കെട്ടിടം നിർമിച്ചിരിക്കുന്നത്. പരിശുദ്ധ കന്യകാ മറിയത്തിന്റെ ഗ്രോട്ടോയുടെ വെഞ്ചിരിപ്പ് കർമവും ഇതോടൊപ്പം നടന്നു. തലശേരി അതിരൂപതാ കോർപറേറ്റ് മാനേജർ ഫാ. ജയിംസ് ചെല്ലങ്കോട്ട് വെഞ്ചിരിപ്പ് നിർവഹിച്ചു. തുടർന്ന് നടന്ന സമ്മേളനം മാർ ജോർജ് വലിയമറ്റം ഉദ്ഘാടനം ചെയ്തു. ഫാ. ആന്റണി ചാണക്കാട്ടിൽ, ഫാ. ജോസ് ആനാനിക്കൽ, സജി തോപ്പിൽ, ജോർജ് , ഗ്രേസി ജോഷി, പി.എം ജോർജ്, എം. നിഖിൽകുമാർ എന്നിവർ പ്രസംഗിച്ചു. സ്കൂൾ മാനേജർ ഫാ. ജോർജ് എളൂക്കുന്നേൽ സ്വാഗതവും മുഖ്യാധ്യാപകൻ അഗസ്റ്റ്യൻ ജോസഫ് നന്ദിയും പറഞ്ഞു.

JAGRATHA News

"Jagratha News" – An internet news service is free and for private circulation

Web: www.kcbcsocialharmony.org, Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA